## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2170**

**18/03/2015 ൽ മറുപടിയ്ക്ക്**

### സ്വദേശി ഉല്പന്നങ്ങളുടെ ഉല്പാദനം വിപണനം

**ചോദ്യം**
**ശ്രീ.മുല്ലക്കര രത്നാകരൻ**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(ബഹു.സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഖാദി - ഗ്രാമ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വദേശി ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും നൽകി വരുന്ന സഹായങ്ങൾ വ്യക്തമാക്കാമോ; | (എ) സ്വദേശി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രധാന ഉദ്ദേശം. ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഖാദി ഉല്പാദനത്തിനും വിപണനത്തിനും സഹായങ്ങൾ നൽകി വരുന്നുമുണ്ട്. ഖാദി ഉല്പാദനത്തിനു വേണ്ടി ഖാദി വകുപ്പിലെ ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, ഖാദി വകുപ്പിലെ ഉല്പാദന കേന്ദ്രങ്ങളുടെ വർക്ക് ഷെഡ് നിർമ്മാണം, സിൽക്ക് ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും, നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും, ഖാദി തൊഴിലാളികൾക്കു വേണ്ടി ഇൻകം സപ്പോർട്ട് സ്കീം ഇടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു.<br>ഖാദി തുണിയുടെ വിപണനത്തിനായി സംസ്ഥാന സർക്കാരിന്റെ 20% റിബേറ്റ്, കേന്ദ്ര സർക്കാരിന്റെ 10% Market Development Assistance ഇടങ്ങിയവയും അതുപോലെ ഖാദി ബോർഡിന്റെ സംഭരണശാലകളുടെ നവീകരണവും നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെ നവീകരണവും ഇടങ്ങിയവയും നടപ്പിലാക്കി വരുന്നു.<br>ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഖാദി ബോർഡ് നേരിട്ടു നടത്തുന്ന 25 ഓളം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ വ്യക്തിഗത ഗ്രാമ വ്യവസായ യൂണിറ്റുകളുടെ |

സ്ഥാപനവും ശക്തിപ്പെടുത്തലും എന്ന പദ്ധതിയും നടപ്പാക്കി വരുന്നു. അതുപോലെ ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും മറ്റു പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ "പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP)", "സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവ എന്റെ ഗ്രാമം പദ്ധതിയും".

കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ പദ്ധതിയായപ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) അനുസരിച്ച് ഗ്രാമ പ്രദേശങ്ങളിൽ മുന്നോക്ക വിഭാഗത്തിലെ പുരുഷൻമാർക്ക് പദ്ധതി ചെലവിന്റെ 25% സബ്സിഡി അനുവദിക്കും. പട്ടിക വിഭാഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ,മതന്യൂനപക്ഷ വിഭാഗങ്ങൾ,വികലാംഗർ, മിലിട്ടറി സേവനത്തിൽ നിന്ന് പിരിഞ്ഞവർ. സ്ത്രീകൾ, തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% വരെ മാർജിൻ മണി ഗ്രാന്റായി നൽകുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടിയനുസരിച്ച് ജനറൽ വിഭാഗത്തിൽ പ്പെട്ടവർക്ക് പദ്ധതി തുകയുടെ 25% വരെയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 30% വരെയും പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് 40% വരെയും മാർജിൻമണി ഗ്രാന്റായി നൽകുന്നു.

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) അനുസരിച്ച് 2011-12 വർഷം ഖാദി ബോർഡ് വഴി 393 യൂണിറ്റുകൾക്ക് 905.31 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 2884 പേർക്ക് തൊഴിൽ നൽകി. 2012-13 വർഷം 374 യൂണിറ്റുകൾക്ക് 824.76 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 2421 പേർക്ക് തൊഴിൽ നൽകി. 2013-14 വർഷം 399 യൂണിറ്റുകൾക്ക് 820.13 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 3907 പേർക്ക് തൊഴിൽ നൽകി. 2014-

| | | | |
|---|---|---|---|
| | | | 15 വർഷത്തേക്ക് 813.06 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി ബോർഡിന് ടാർജറ്റായി അനുവദിച്ചിട്ടുണ്ട്.<br>• സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് 2011-12 വർഷം 506 യൂണിറ്റുകൾക്ക് 110 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 1012 പേർക്ക് തൊഴിൽ നൽകി. 2012-13 വർഷം 182 യൂണിറ്റുകൾക്ക് 200 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 506 പേർക്ക് തൊഴിൽ നൽകി. 2013-14 വർഷം 296 യൂണിറ്റുകൾക്ക് 250 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി അനുവദിച്ചു. 725 പേർക്ക് തൊഴിൽ നൽകി. 2014-15 വർഷം ഈയിനത്തിൽ ബഡ്ജറ്റിൽ 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ എത്ര യൂണിറ്റുകൾക്കാണ് സഹായം നൽകി വരുന്നത് ; | (ബി) | 2014-15 വർഷം(28/02/2015 വരെ) പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 285 യൂണിറ്റുകൾക്കും സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് 91 യൂണിറ്റുകൾക്കും സഹായം നൽകിയിട്ടുണ്ട്. |
| (സി) | 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | 2014-15 വർഷം(28/02/2015 വരെ) പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി അനുസരിച്ച് 612.79 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് 112.50 ലക്ഷം രൂപയും മാർജിൻ മണി ഗ്രാന്റായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ